# ഡിസൈനർ വീടും പ്ലാനും

ഗൃഹവാസ്തുകലയെ കുറിച്ച്

THE COMPLETE MAGAZINE ON RESIDENTIAL ARCHITECTURE

2020 January-February
Vol. 5 | Issue 1
Price ₹ 100/- | AED 30 | US$ 10



**18 വീടുകൾ**
പ്ലാൻ സഹിതം

വ്യൂ പോയിന്റ്

## ചൈതന്യവത്താകണം വീടുകൾ

ആർക്കിടെക്റ്റ് സുധീർ ബാലകൃഷ്ണൻ

പ്ലാനിങ്

## ഒരുക്കാം, ഇൻസ്റ്റന്റ് ഇന്റീരിയർ









# ധർമ്മത്തിലൂന്നി

## സൗകര്യങ്ങൾക്ക് പ്രാധാന്യം നൽകി ഒരുക്കിയ ഒതുക്കമുള്ള വീട്

ടീം വീടും പ്ലാനും

സ്വാഭാവിക വെളിച്ചം, വിശാലത, നല്ല വായുസഞ്ചാരം- വീട്ടുടമസ്ഥന്റെ ഈ മൂന്നാവശ്യങ്ങളും വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കിയിരിക്കുകയാണ് ഇവിടെ. ഇതോടൊപ്പം ആകർഷകമായ ഡിസൈനും ഒതുക്കവും ഈ വീടിന്റെ അധിക ഗുണങ്ങളാണ്. എറണാകുളം തൃപ്പൂണിത്തുറയിലുള്ള വീട് ഡിസൈൻ ചെയ്തിരിക്കുന്നത് ആർക്കിടെക്റ്റ് സുരാഗ് വിശ്വനാഥൻ അയ്യർ ( എമിനൻസ് ആർക്കിടെക്റ്റ്സ്റിസർച്ച്+ഡിസൈൻ), കൊച്ചി) ആണ്. പ്ലോട്ടിലെ മരങ്ങൾ നിലനിർത്തിയതിനാൽ വീടിന്റെ മുഖപ്പിന്റെ കാഴ്ച ഭാഗികമാണ്. അതേ സമയം മരങ്ങൾക്കിടയിൽ മറഞ്ഞിരിക്കുന്നതിനാൽ ഗുപ്തമായ ഭംഗിയും ഈ വീടിന് അവകാശപ്പെടാം. ദീർഘചതുരാകൃതിയാണ് പ്ലോട്ടിന്. പ്ലോട്ടിന്റെ തെക്ക്ഭാഗത്ത് നിന്ന് തുടങ്ങുന്ന വിശാലമായ പാസേജ് പാർക്കിങ് സ്പേസിലേക്ക് നീളുന്നു. ഈ ലാൻഡ്സ്കേപ് ഏരിയ സ്റ്റോൺ ഉപയോഗിച്ചാണ് ഒരുക്കിയത്. പാസേജിന് അരികിൽ ബഫല്ലോ ഗ്രാസ് നട്ടു. ചെടികളും ബഫല്ലോ ഗ്രാസുമാണ് ലാൻഡ്സ്കേപ്പിൽ. തെക്ക് കിഴക്ക് ഭാഗത്താണ് സിറ്റൗട്ട്. പ്രധാനപ്രവേശനം ഫോർമൽ ലിവിങ്ങിലേക്ക്. വലതു വശത്ത് ഫാമിലി ലിവിങ് ഏരിയയും ഇടതുവശത്ത് ഗസ്റ്റ്





ബെഡ്റൂമുമാണ്. ഡൈനിങ് ഏരിയക്ക് ഇരട്ടി ഉയരമുണ്ട്. ഫാമിലി ലിവിങ്ങിൽ നിന്ന് കിച്ചനിലേക്കും യൂട്ടിലിറ്റി ഏരിയയിലേക്കുമാണ് പ്രവേശനം. ഫസ്റ്റ് ഫ്ളോറിൽ ഗോവണി കയറി എത്തുന്നിടം ഓഫീസ് സ്പേസ് ആയി ക്രമീകരിച്ചിരിക്കുന്നു. ഇതിന്റെ മറുഭാഗത്താണ് അപ്പർ ലിവിങ് സ്പേസ്. ഫാമിലി ലിവിങ്ങിന്റെയും കിച്ചന്റെയും മുകളിലായി വരുന്ന ഫസ്റ്റ് ഫ്ളോറിലെ ഭാഗം സെമി ഓപ്പൺ ടെറസാണ്. ടെറസിലേക്ക് ഗ്ലാസ് സ്ലൈഡിങ് ഡോർ വഴിയാണ് പ്രവേശനം .ഇതിനാൽ ഫസ്റ്റ് ഫ്ളോറിൽ നല്ല സ്വാഭാവിക വെളിച്ചവും ഉണ്ട്. വുഡൻ-വൈറ്റ്-ബെയ്ജ് കോമ്പിനേഷനാണ് എക്സ്റ്റീരിയറിലെയും ഇന്റീരിയറിലെയും പൊതുവായ തീം. എക്സ്റ്റീരിയറിൽ നാച്വറൽ ക്ലാഡിങ്ങാണ് കോൺട്രാസ്റ്റ് ഹൈലൈറ്റ്. തേക്കുതടി ഉപയോഗിച്ച് ക്ലാഡിങ് ചെയ്തു. ഫർണിച്ചർ അധികവും പഴയവ പുതുക്കിയും രൂപമാറ്റം

**ഫോർമൽ ലിവിങ്**
*അലങ്കാരങ്ങളൊന്നും ഇല്ല. മരത്തിന്റെ തിളക്കം എടുത്തറിയുന്ന ഫർണിച്ചറും വൈറ്റ് ഗ്ലോസി ടൈലും ലളിതമായ സീലിങ് വർക്കുമാണിവിടെ*

**ഫാമിലി ലിവിങ്**
*കുറച്ചു പ്രൗഢമാണ് ഫാമിലി ലിവിങ്ങിലെ ഫർണിഷിങ്. കടുത്ത നിറത്തിലുള്ള കുഷ്യനോടു കൂടിയ ഇരിപ്പിടങ്ങൾ, പ്ലൈ-ലൈമിനേറ്റ് ഫിനിഷിൽ ചെയ്ത ടിവി പാനലിങ്, ഷോ ഷെൽഫ്, ചെറിയ ക്യൂരിയോസുകളുടെ അലങ്കാരം എന്നിവയാണ് ഇവിടെയുള്ളത്*



## സ്വാഭാവിക വെളിച്ചവും വായുസഞ്ചാരവും അകത്തളത്തിൽ സുലഭമാക്കാൻ ശ്രദ്ധിച്ചിരിക്കുന്നു



**ആർക്കിടെക്റ്റ് സുരാഗ് വിശ്വനാഥൻ അയ്യർ**



**ഡൈനിങ് ഏരിയ & ഗോവണി**
ആറു പേർക്കിരുന്നു ഭക്ഷണം കഴിക്കാവുന്ന ഗ്ലാസ് ടോപ് ടേബിളും കുഷ്യൻ ചെയറുകളുമാണ് ഊണുമുറിയിൽ. ഗ്ലാസ്, വുഡൻ കൈവരികളും, വുഡൻ ടൈൽ, ഗ്രാനൈറ്റ് എന്നിവ ചേർത്ത് ഒരുക്കിയ പടികളുമാണ് ഗോവണിയില്

**ബെഡ്റൂമുകൾ**
വാക്ക് ഇൻ വാഡ്രോബ് ഉൾപ്പെടുത്തിയാണ് കിടപ്പുമുറികൾ ഒരുക്കിയത്. വുഡൻ ടൈൽ ഫ്ളോറിങ്ങും പ്ലൈ ലൈമ ഫിനിഷിൽ ഒരുക്കിയ സൈഡ് ടേബിളും നിഷ് ഏരിയകളും സീലിങ് വർക്കും ഉൾപ്പെടുത്തി.





അനിൽകുമാറും കുടുംബവും

**ഓഫീസ് സ്പേസ്**
ഗോവണി കയറിയെത്തുന്നിടത്താണ് ഓഫീസ് ഏരിയ ക്രമീകരിച്ചത്. പ്ലൈ ലൈമ ഫിനിഷിലുള്ള ടേബിൾ കം സ്റ്റോറേജ് സ്പേസും ഓഫീസ് ചെയറും ഒരുക്കി






ഗ്രൗണ്ട് ഫ്ളോർ പ്ലാൻ




ഫസ്റ്റ് ഫ്ളോർ പ്ലാൻ



**കിച്ചൻ**
*റസ്റ്റിക് ഫിനിഷിലുള്ള വിട്രിഫൈഡ് ടൈലു കൊണ്ടുള്ള ഫ്ളോറിങ്ങും ഗ്രാനൈറ്റ് കൗണ്ടർടോപ്പും പ്ലൈ-മൈക്ക കോമ്പിനേഷനിലുള്ള കാബിനറ്റുകളുമാണ് അടുക്കളയിൽ*

## Project Details

**Site Area**
6.80 cent

**Built Area**
2180 Sq.Ft.

**Year of Completion**
2019

**Location**
Tripunithura, Ernakulam

**Owner**
Anil Kumar & Athira Menon
9846689350

**Architect**
Ar. Surag Viswanathan Iyer
Eminence Architects
[Research + Design],
No.18/264, G2, 2nd Floor,
Vembanad Heights,
S N Junction, Tripunithura,
Ernakulam. 9895347562

**Project Contractor**
Anil,
+91 9961568777

**Electrification/Lighting**
VidyaViswanathan
(MEP Designer)
+91 9497023660

വരുത്തിയും ഉപയോഗിക്കുകയായിരുന്നു. പ്ലൈവുഡ് മൈക്ക കോമ്പിനേഷനിലാണ് വാഡ്രോബുകൾ, കട്ടിലുകൾ, പാനലിങ്ങുകൾ എന്നിവയെല്ലാം ഒരുക്കിയത്. വൈറ്റ് വിട്രിഫൈഡ്, വുഡൻ ടൈലുകൾ എന്നിവ ഫ്ളോറിങ്ങിന് തെരഞ്ഞെടുത്തു. ലളിതമായ ജിപ്സം സീലിങ് വർക്കും അകത്തളത്തെ മികച്ചതാക്കുന്നു. സിറ്റൗട്ട്, ഫോർമൽ ലിവിങ്, ഫാമിലി ലിവിങ്, അപ്പർ ലിവിങ്, ഡൈനിങ് ഏരിയ, ബാത് അറ്റാച്ച്ഡായ നാലു ബെഡ്റൂമുകൾ, പൂജാ സ്പേസ്, കിച്ചൻ, യൂട്ടിലിറ്റി, ബാക്ക്യാർഡ്, ഓഫീസ് സ്പേസ് എന്നിവയാണ് ഏരിയകൾ. ●

ഫോട്ടോഗ്രാഫി: ഷിജോ തോമസ്